പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1418 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മത്സ്യം കേട്ടുകൂടാതിരിക്കാൻ മാരക രാസവസ്തുക്കളുടെ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. നൗഷാദ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വില്പനയ്ക്ക് എത്തുന്ന മത്സ്യം കേട്ടുകൂടാതിരിക്കാൻ ഫോർമാലിൻ പോലുള്ള മാരക രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതായ വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രാസവസ്തുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| ബി) | ഇത്തരം രാസവസ്തുക്കൾ മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ അതീവ ഗൗരവമുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഇത്തരത്തിലുള്ള മത്സ്യ-വിപണന-വിതരണക്കാർക്കെതിരെ ക്രിമിനൽ നടപടിയെടുക്കുന്നതിന് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | സി) | രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനത്തിലേർപ്പെട്ടതായി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. സംസ്ഥാനത്ത് രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനം നടത്തുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ 14.11.2014 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി മത്സ്യ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ഏതെങ്കിലും തരത്തിലുള്ള രാസവസ്തുക്കൾ ചേർത്തതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ മത്സ്യ വിപണികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നത് തുടർന്ന് വരുകയാണ്. |

Shrees

സെക്ഷൻ ഓഫീസർ